ശ്രീ. ടി. കെ. നാരായണപിള്ള : വാങ്ങ്മൂലമായിട്ടുള്ള വാശ്വാനമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : മങ്കൊമ്പിൽ കുളങ്ങരമഠത്തിൽ വിഷ്ണുപ്പോറ്റി അവർകൾ സ്ഥലം വിട്ടുതരാമെന്നു് പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇട്ടിര അമ്പുക്കൻ : ഗവണ്മെൻറിൻെറ അനുവാദം കൂടാതെ ആക്കെങ്കിലും സ്ഥലം കൊടുക്കാൻ പാടില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ കൊടുക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : സ്ഥലം സൗജന്യമായിട്ടു് തരാമെന്നു പറഞ്ഞിട്ടുള്ളതു് ആവശ്യപ്പെട്ടതനുസരിച്ചോ അതോ ആവശ്യപ്പെടാതേയോ ?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടുവിധത്തിലുമാണു് തരാമെന്നു പറഞ്ഞിട്ടുള്ളതു്.

ശ്രീ. വി. ഗംഗാധരൻ നായർ : ഈ കാരണം പറഞ്ഞു് ജന്മിമാർ പല സാധുക്കളേയും കുടിയിറക്കിവിട്ടതായി ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

COMPLAINT AGAINST VETERINARY DIRECTOR

*1180. [6] **Sri. P. Thanulingam Nadar :** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Covernment have received any complaint against the Veterinary Director in the matter of appointment of peons from one J. Maria Victor on 13th February 1951; and

(*b*) if so, what steps have been taken on it ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) The petition has been recorded, as the complaint is unfounded.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ ഡിപ്പാർട്ടുമെണ്ടിൽ നിയമനം നടത്തുന്നതു് ഡയറക്ടരാണോ അതോ പബ്ലിക്ക് സർവ്വീസ് കമ്മീഷണരാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ആണു് നിയമനം നടത്തുന്നതു്.

നൽവിതരണം

*൨൨൫൨. (൭) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

(എ) ൧൯൫൩ ഒക്ടോബർ മുന്നാംതീയതിക്കുശേഷം നൽവിതരണം സഹകരണസംഘങ്ങൾ മുഖേന മാത്രമെ നടത്താവൂ എന്നു് ഗവണ്മെൻറു് ഉത്തരവു് ഉണ്ടോ;

(ബി) പരവൂരിലുള്ള മത്സ്യവ്യവസായികൾക്കു് നൽവിതരണം നടത്തുന്നതിനു ൧൯൫൩-ലെ നവമ്പർ കോട്ടാ വിതരണം നടത്തിയതും അവർ അംഗങ്ങളായുള്ളതുമായ ഒരു സഹകരണസംഘം ഉണ്ടായിരുന്നിട്ടും അതിനുശേഷം അവിടത്തേക്കുള്ള നൽവിതരണമെല്ലാം ഒരു വ്യക്തിമുഖേന നടത്തുന്നതിനുള്ള കാരണമെന്താണു്;

LIBRARY ARCHIVES Kerala Legislative Assembly